**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 432** **05-10-2021 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന ഫണ്ട് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അക്രിഡിറ്റഡ് ഏജൻസി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പ്രാദേശിക വികസന ഫണ്ടിൽ നിന്നും ആസ്തി വികസന ഫണ്ടിൽ നിന്നുമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അംഗീകൃത ഏജൻസിയെ എം.എൽ.എ മാർക്ക് നിർദ്ദേശിക്കുവാൻ സാധിക്കുമോ; ഇത് സാധൂകരിക്കുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (എ) | പ്രാദേശിക വികസന ഫണ്ടിൽ നിന്നും ആസ്തി വികസന ഫണ്ടിൽ നിന്നുമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അംഗീകൃത ഏജൻസിയെ എം.എൽ.എ മാർക്ക് നിർദ്ദേശിക്കുവാൻ സാധിക്കില്ല. 04/07/2019 തീയതിയിലെ സ.ഉ(അച്ചടി) നം.77/2019/ധന പ്രകാരം അക്രിഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ പരാമർശിച്ചിട്ടുള്ള അക്രിഡിറ്റഡ് ഏജൻസികളുടെ സമയപരിധി 05/08/21 തീയതിയിലെ സ.ഉ(അച്ചടി) നം.111/2021/ധന പ്രകാരം മൂന്നു മാസം കൂടി (03/10/2021 വരെ) ദീർഘിപ്പിച്ച നല്കിയിട്ടുണ്ട്. 28/04/21 തീയതിയിലെ സ.ഉ(അച്ചടി) നം.67/21/ധന പ്രകാരം അക്രിഡിറ്റഡ് ഏജൻസിയെ തീരുമാനിക്കുന്നത് പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിന് യോഗ്യരായ ഏജൻസികളിൽ നിന്ന് സുതാര്യമായ ടെണ്ടർ നടപടികളിലൂടെയായിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ